[Hon'ble Mr. K. M. Korah]

തികളിലെ വിതരണത്തിനാവശ്യമായ സ്റ്റാക്ക് ആ താലൂക്കിലുള്ള മറ്റു പകുതികളിൽനിന്ന കൊണ്ടുവരേണ്ടതായി വരികയും ചെയ്യുന്നുണ്ട്.

(ബി) അതേ കാരണത്താൽതന്നെ ചെറിയ അളവുകളിൽ അസംഖ്യം പകുതികളിൽനിന്നും നെല്ല കൊടുക്കുന്നതിന്റെ ഫല മായി വർദ്ധിച്ച ഗതാഗതച്ചെലവുകൾ കൊടുക്കേണ്ടിവരുന്നതിൽനിന്നും അടുത്തുള്ള താലൂക്കുകളിലെ കാഡ്രുമസ്ഥന്മാരെ രക്ഷിക്കുന്നതിനു പ്രസ്തുത നടപടി ആവശ്യമായിത്തീരുന്നു.

(സി) എ-യും, ബി-യും ഭാഗത്തിന്റെ ഉത്തരങ്ങളെ പരി ഗണിച്ചു ഈ ചോദ്യം ഉദിക്കുന്നില്ല.

ക്രൂഡോയിൽ കിട്ടാത്തതുമൂലം കൃഷിക്കാരുടെ വൈഷമ്യം.

298 MR. K. RAMAKRISHNA PILLAI : താഴെ പറയുന്ന ചോദ്യ ങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കുട്ടനാട്ടിലെ കൃഷിക്കാർ ക്രൂഡോയിൽ കിട്ടാതെ കാലാകാ ലങ്ങളിൽ വളരെ വിഷമം അനുഭവിക്കുന്നുണ്ടെന്ന വസ്തുത ഗവണ്മെന്റി ന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ തൽപരിഹാരാർത്ഥം എന്തു നടപടി നടത്തി യിട്ടുണ്ട് ?

HON'BLE MR. K. M. KORAH : (എ) ഈ വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) അതിനു ആവശ്യമായ എല്ലാ നടപടികളും കൈക്കൊ ണ്ടിരിക്കുകയാണ്.

MR. K. RAMAKRISHNA PILLAI : ആ നടപടിയുടെ സ്വഭാവമെ ന്താണ് ?

HON'BLE MR. K. M. KORAH : കഷ്കരുടെ ആവശ്യത്തിന് ക്രൂഡോ യിൽ ഉടൻ തരുന്നതിനു ഇൻഡ്യാ ഗവണ്മെൻറിനും കമ്പനിക്കാർക്കും ടെലഗ്രാം അയച്ചിട്ടുണ്ട്. താമസംവിനാ കിട്ടുമെന്നു വിശ്വസി ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. RAMAKRISHNA PILLAI : ഇതിന്റെ വിതരണത്തിന്റെ ചുമതല ആരെ ഏല്പിക്കുവാനാണ് ഗവണ്മെന്റ് വിചാരിക്കുന്നത് ?

HON'BLE MR. K. M. KORAH : അതേപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഏതു ഏജൻസിയാണെന്ന് ഇതുവരെ തീരുമാനിച്ചിട്ടില്ല. കർഷകർക്ക് ഉപദ്രവമില്ലാത്തവിധത്തിൽ ചെയ്യും.

MR. K. RAMAKRISHNA PILLAI : ഇപ്പോൾ ക്രൂഡോയിൽ വില്പനനടത്തുന്ന പ്രൈവറ്റ് ഏജൻസികളെ ആരെല്ലാമെന്ന് പറയാമോ ?

HON'BLE MR. K. M. KORAH : ചങ്ങനാശ്ശേരിയിൽ മിസ്റ്റർ പൈയും ആലപ്പുഴ മിസ്റ്റർ പി. കെ. കുഞ്ചെറിയായുമാണെന്നാണ് തോന്നുന്നത്.

MR. PANDAVATHU SANKARA PILLAI (*Karthikapalli II—General*) : ഇവരിൽനിന്ന് കർഷകരുടെ ആവശ്യത്തിന് മതിയാംവണ്ണം ക്രൂഡോയിൽ ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH : അങ്ങനെ ഒരു പരാതി കിട്ടിയിട്ടുണ്ട്.

MR. MOHAMMED MUSTAFA (*Pathanapuram—Muslim*) : കർഷകർക്ക മാത്രമല്ലാ, വ്യവസായികാവശ്യത്തിനുതകത്തക്കവണ്ണം ക്രൂഡോയിൽ കിട്ടുന്നില്ല എന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ ?

HON'BLE MR. K. M. KORAH : ഇല്ലായിരിക്കാം. എന്നാൽ എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

MR. MOHAMMED MUSTAFA : ശ്രദ്ധയിൽ പെടുത്തിയാൽ അതിന് പരിഹാരം ചെയ്യുമോ ?

HON'BLE MR. K. M. KORAH : ശ്രദ്ധയിൽപ്പെടുത്തിയാൽ, വ്യവസായ മന്ത്രിയുമായി ആലോചിച്ചു വേണ്ട പരിഹാരം ചെയ്യാം.

MR K. RAMAKRISHNA PILLAI : കരിഞ്ചന്തയിൽ ക്രൂഡോയിൽ വിൽക്കുന്നുണ്ടെന്നറിയാമോ ?

HON'BLE MR. K. M. KORAH : ഉണ്ടെന്നാണ് ആ ഭാഗത്തുനിന്നും വരുന്ന മെമ്പറന്മാർ പറയുന്നത്.

MR. P. T. CHACKO : ആരെയെങ്കിലും ക്രൂഡോയിൽ കടിപ്പിച്ചതായി ഗവണ്മെന്റിന് പരാതി കിട്ടിയിട്ടുണ്ടോ ?

MR. PRESIDENT: ആ ചോദ്യം ഉത്ഭവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly